**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി വിൻസി സോളമന് കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 3/ 2020/ തസ്വഭവ** **തീയതി, തിരുവനന്തപുരം, 02/ 01/ 2020**

---

പരാമർശം : 1. 02.12.1991 ലെ ജി.ഒ.(പി) 36/ 91/ പി&എആർഡി ഉത്തരവ്

2. ശ്രീമതി. വിൻസി സോളമന്റെ 30.01.2019 ലെ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 27.03.2019 ലെ PAN/ 27187/ 2018-E10(DP) നം. കത്ത്

4. കൊല്ലം ജില്ലാ കളക്ടറുടെ 21.08.2019 ലെ DCKLM/ 7433/ 2019-M6 നം. കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. വിൻസി സോളമൻ കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു. ടിയാളുടെ മാതാവിന്റെ വൃക്കസംബന്ധമായ രോഗം, ടിയാളുടെ കുട്ടിക്ക് ന്യൂറോ സംബന്ധമായുള്ള ചികിത്സ എന്നീ വസ്തുതകൾ പരിഗണിച്ച് സഹതാപാർഹമായ പരിഗണന നല്കി അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന് ടിയാരി അപേക്ഷിച്ചു. ശ്രീമതി.വിൻസി സോളമൻ 06.03.2018 തീയതിയിലാണ് സേവനത്തിൽ പ്രവേശിച്ചത്. ആയതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാനുള്ള 5 വർഷക്കാലയളവ് പൂർത്തീകരിച്ചിട്ടില്ല. നിലവിലെ വ്യവസ്ഥകളും ചട്ടങ്ങളും പ്രകാരം നിയമനം ലഭിച്ച ജില്ലയിൽ 5 വർഷം സേവനം പൂർത്തിയാക്കാതെ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാൻ വ്യവസ്ഥയില്ല. ആയതിനാൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അന്തർജില്ലാ സ്ഥലംമാറ്റം പരിഗണിക്കുന്നതിലേക്കായി ശ്രീമതി. വിൻസി സോളമൻ സമർപ്പിച്ച അപേക്ഷയും അനുബന്ധങ്ങളും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

ശ്രീമതി. വിൻസി സോളമൻ കോഴിക്കോട് ജില്ലയിൽ 06/ 3/ 2018 ൽ സേവനത്തിൽ പ്രവേശിച്ചതിനാൽ 5 വർഷം സേവനം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ അന്തർ ജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ചട്ടം 17(d)-യ്ക്ക് ചുവടെയുള്ള മൂന്നാം കുറിപ്പ് പ്രകാരം ടിയാൾക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദനീയമല്ല. തെക്കുംഭാഗം വില്ലേജിൽ വിൻസി ഭവനത്തിൽ സോളമൻ, മേരി ദമ്പതികളുടെ ഏക മകളാണ് അപേക്ഷകയെന്നും ടിയാളുടെ മാതാവ് കഴിഞ്ഞ 8 വർഷമായി കിഡ്നി സംബന്ധമായ ചികിത്സയിലാണെന്നും ഡയാലിസിസ് ആവശ്യമാണെന്ന് ഡോക്ടർ നിർദ്ദേശിച്ചിരിക്കുകയാണെന്നും അപേക്ഷകയുടെ രണ്ട് മക്കളിൽ ഇളയകുട്ടിയ്ക്ക് ഞരമ്പ് സംബന്ധമായ രോഗത്തിന് ചികിത്സയിലാണെന്നും രോഗികളായ മാതാവിന്റേയും മകന്റേയും

ചികിത്സാ സംരക്ഷാർത്ഥം അപേക്ഷകയ്ക്ക് സ്ഥലംമാറ്റം ലഭിക്കേണ്ടത് അത്യാവശ്യമാണെന്നും കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി വിൻസി സോളമന് സേവനത്തിൽ പ്രവേശിച്ച് 5 വർഷം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 17(d) യ്ക്ക് ചുവടെയുള്ള Note (3) ൽ ഇളവ് നൽകി കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ. ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ശ്രീമതി. വിൻസി സോളമൻ, ഓഫീസ് അറ്റൻഡന്റ്, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല. (സെക്രട്ടറി, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല
സെക്രട്ടറി, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
പൊതുഭരണ (എസ്.സി) വകുപ്പ്
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/55/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danniyo MS

സെക്ഷൻ ഓഫീസർ